# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1101** **04.02.2019 ൽ മറുപടിക്ക്**

### പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ റസ്റ്റ്ഹൗസുകളിലും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള നവീകരണ പ്രവൃത്തികൾ നടന്നു വരികയുമാണ്. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 872.18 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 4219.61 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 1061.90 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ റസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തുകയും എൺപതോളം ജീവനക്കാർക്ക് "ഹോസ്പിറ്റാലിറ്റി" ട്രെയിനിംഗ് നൽകുകയും ബാക്കി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പുതിയ |

| | | | |
|---|---|---|---|
| | | | തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത വിശ്രമ കേന്ദ്രങ്ങളിൽ കുറഞ്ഞ വാടകനിരക്കിൽ കാന്റീനിന്റെ നടത്തിപ്പ് ചുമതല ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ക്യാന്റീൻ സംവിധാനം ഏർപ്പെടുത്താൻ സൗകര്യം ഉള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കിൽ തന്നെയാണ് നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**